# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 19.08.2015

# മാനേജ്മെന്റുകളുമായുള്ള ഒത്തുകളി സർക്കാർ അവസാനിപ്പിക്കണം

## കെ എസ് ടി എ

മാനേജ്മെന്റുകളുമായി ഒത്തുകളിച്ച് അധ്യാപകരെയും വിദ്യാർത്ഥികളെയും ആശങ്കയിലാഴ്ത്തുന്ന സർക്കാരിന്റെ നടപടി അവസാനിപ്പിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. അധ്യാപകരുടെ തസ്തികാനിർണയവും സംരക്ഷണാനുകൂല്യവും സംബന്ധിച്ചുള്ള പുതിയ ഉത്തരവ് മാനേജർമാർ കോടതിയെ സമീപിച്ചതിനെതുടർന്ന് സ്റ്റേ ചെയ്തതോടെ അധ്യാപകരുടെ ജോലിസംരക്ഷണം വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. അധ്യാപകപാക്കേജ്, ബാങ്ക് തുടങ്ങിയവ സംബന്ധിച്ച് ഇറക്കിയ എല്ലാ ഉത്തരവുകളും പിൻവലിച്ചുകൊ് സാമുദായിക നേതാക്കന്മാരുമായി ചർച്ചചെയ്ത് അവർക്കനുകൂലമായി ഇറക്കിയിട്ടുള്ളതാണ് ഇപ്പോഴത്തെ ഉത്തരവ്. എന്നാൽ ഈ മേഖലയിലെ അധ്യാപകസംഘടനകളുമായി യാതൊരുവിധ ചർച്ചയും സർക്കാർ നടത്തിയിരുന്നില്ല. 2010–11 നുശേഷം വിദ്യാഭ്യാസ മേഖലയിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം കണക്കാക്കി തസ്തിക നിർണയിക്കാത്തതിലൂടെ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മ ബോധ്യപ്പെട്ടതാണ്. ഓരോ ഘട്ടത്തിലും മാനേജ്മെന്റുമായി ഒത്തുകളിച്ച് അവരുടെ താൽപര്യം സംരക്ഷിക്കുക എന്നുമാത്രമാണ് സർക്കാർ ചെയ്തിട്ടുള്ളത്. ഏറ്റവും ഒടുവിൽ ഇറക്കിയ ഉത്തരവും മാനേജർമാർക്ക് അനുകൂലമായിരുന്നു. ഇതിൽ വളരെ പരിമിതമായ തോതിൽ മാനേജ്മെന്റിന്റെ അധികാരം ചോദ്യം ചെയ്യപ്പെട്ടു എന്ന് വരുത്തുകയും അവരെകൊ് കേസ് കെടുപ്പിച്ച് സർക്കാർ അഭിഭാഷകൻ മൗനം പാലിക്കുകയും ചെയ്തു. പൂർണമായും മാനേജ്മെന്റുകൾക്ക് അനുകൂലമായി വിധി സമ്പാദിക്കുന്നതിനുവേിയുള്ള ഒരു നാടകമാണ് ഇപ്പോൾ അരങ്ങേറുന്നത്. ഇത് അധ്യാപകരുടെയോ വിദ്യാർത്ഥികളുടെയോ താൽപര്യം സംരക്ഷിക്കാനല്ല. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താൽപര്യം സംരക്ഷിക്കണമെന്ന് ജനറൽ സെക്രട്ടറി കെ.സി.ഹരികൃഷ്ണൻ ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി